**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5581 24.05.2017- ൽ മറുപടിയ്ക്ക്**

**അവയവ മാറ്റ ശസ്ത്രക്രിയ അനുവദിയ്ക്കുന്നതിലെ കാലതാമസം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** | |
| (എ) | അവയവ മാറ്റ ശസ്ത്രക്രിയ അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടി ക്രമങ്ങളാണ് പാലിക്കേണ്ടത്; | (എ) | 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Transplantation of Human Organ Act ഉം തുടർന്ന് പാർലമെന്റിൽ തന്നെ കൊണ്ടുവന്നിട്ടുള്ള നിയമ ഭേദഗതികളുമാണ് അവയവദാനം സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള നിയമവ്യവസ്ഥകൾ. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജില്ലാതല ആതറൈസേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള അനുമതിയ്ക്കായി സ്വീകർത്താവ്, ദാതാവ്, ദാതാവിന്റെ ബന്ധുക്കൾ എന്നിവർ ബന്ധപ്പെട്ട ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാകേണ്ടതുണ്ട്. കമ്മിറ്റിയിൽ നിന്നും അനുവാദം ലഭിച്ചാൽ മാത്രമേ അവയവമാറ്റം സാധ്യമാവുകയുള്ളൂ. സംസ്ഥാനത്തിനു പുറത്തുവച്ചു നടക്കുന്ന അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സംസ്ഥാന സർക്കാരിൽ നിന്നും എൻ.ഒ.സി. നിർബന്ധമാണ്. |
| (ബി) | നിലവിലുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ഏറെ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | അവയവദാന നടപടിക്രമങ്ങൾ ലഘൂകരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള നിയമ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ